## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2626** — 06.02.2018-ൽ മറുപടിയ്ക്ക്

### കുമാരനാശാൻ സ്മാരക സമിതി പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എം.ആരിഫ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) പള്ളനയിലെ കുമാരനാശാൻ സ്മാരക സമിതിയുടെ മുൻകാല പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സ്മാരക സമിതിയുടെ പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. |
| (ബി) ഈ സർക്കാർ അധികാര ത്തിൽ വന്നശേഷം കുമാരനാശാൻ കവിതകളെ ക്കുറിച്ചും അദ്ദേഹത്തിന്റെ നവോത്ഥാന പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തുന്ന തരത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; | (ബി) യും (സി) യും | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ആശാൻ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾ ക്കായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പല്ലന കുമാരനാശാൻ സ്മാരകത്തിന്റെ വികസനത്തിനും, ആശാന്റെ നവോത്ഥാന പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്ന തരത്തിലും താഴെപ്പറയുന്ന പദ്ധതി/പരിപാടികൾ സംഘടിപ്പിച്ച്/ആസൂത്രണം ചെയ്തു വരുന്നു.

2017 ഒക്ടോബർ 21, 22, 23 തീയതികളിൽ കുമാരനാശാൻ സ്മാരക സമിതിയും മാക്ടയും സംയുക്തമായി ചേർന്ന് ചലച്ചിത്ര ഗാന രചനാശില്പശാല സംഘടിപ്പിച്ചു. മഹാകവി കുമാരനാശാൻ ഉൾപ്പെടെയുള്ള കവിത്രയങ്ങളുടെയും സിനിമ ഗാന ശാഖയിലെയും പ്രമുഖരായ വയലാർ രാമവർമ്മ, ഒ.എൻ.വി.കുറുപ്പ്, പി.ഭാസ്കരൻ എന്നിവരുടെ കവിതകളിലെ നവോത്ഥാന മൂല്യങ്ങളെക്കുറിച്ചും ചലച്ചിത്ര ഗാനരചനയിലെ സങ്കീർണ്ണതകളെക്കുറിച്ചും മറ്റും മലയാള സിനിമാ രംഗത്തെ പ്രമുഖർ ത്രിദിന ക്യാമ്പിൽ പങ്കെടുത്ത് ക്ലാസ്സുകൾ നയിച്ചു.

വിവേകാനന്ദന്റെ കേരള സന്ദർശനവുമായി ബന്ധപ്പെട്ട സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ച വിവേകാനന്ദ സ്പർശം പരിപാടിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കോളേജ് വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്കായി നവോത്ഥാന, മാനവിക മൂല്യങ്ങളെ മുൻ നിർത്തി ചിന്തിക്കുവാൻ ഒരു അവസരം എന്ന ശീർഷകത്തിൽ ഉപന്യാസ മത്സരം നടത്തി വിജയികൾക്ക് മെരിറ്റ് സർട്ടിഫിക്കറ്റ്, ട്രോഫി, ക്യാഷ് അവാർഡ് എന്നിവ നൽകുകയും ചെയ്തു.

ആശാൻ ചിന്തകളുടെ സമകാലിക പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി പ്രമുഖ സാമൂഹിക ചിന്തകരെ പങ്കെടുപ്പിച്ച് പ്രഭാഷണ പരമ്പരയ്ക്ക് തുടക്കം കുറിച്ചു.

പല്ലനയിലെ ആശാൻ സ്മാരകം ദേശീയ അന്തർദേശീയ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങൾ സമിതി ശ്രദ്ധയോടെ നടപ്പിലാക്കുന്നു. ആശാൻ പൈതൃക ഗ്രാമം പദ്ധതി എന്ന പേരിൽ മഹാകവി അന്ത്യവിശ്രമം കൊള്ളുന്ന സ്മൃതി മണ്ഡപത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്ത് (തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് ഒന്ന്, രണ്ട്, പതിനാറ്, പതിനേഴ് വാർഡുകൾ) ജൈവപച്ചക്കറി കൃഷി നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സമിതിയുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫാമിങ്ങിന് തുടക്കം കുറിച്ചു.

മഹാകവി അന്ത്യവിശ്രമം കൊള്ളുന്ന സ്മൃതി മണ്ഡപത്തിലേക്കുള്ള വഴി നിലവിൽ കുമാരനാശാൻ മെമ്മോറിയൽ യു.പി.സ്കൂളിന്റെ കോമ്പൗണ്ടിലൂടെയാണ്. ഇത് സന്ദർശകർക്ക് പൊതുവെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടുകൂടി പൂർണ്ണമായും സമിതിയുടെ നിയന്ത്രണത്തിലുള്ള പൊതുവഴി നിർമ്മിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കുമാരകോടിയിലെ ആശാൻ സ്മാരകത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ലിറ്ററി ടൂറിസം എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും, അത് പ്രാവർത്തികമാക്കുവാൻ സർക്കാരിലെ ടൂറിസം വകുപ്പിൽ നിന്ന് നാലുകോടി എൻപതു ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പദ്ധതി ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്.